**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6041** **09-07-2024 - ൽ മറുപടിയ്ക്ക്**

**ഖാദി തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഖാദി തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം എന്നാണ് നടപ്പിക്കായത് എന്ന് വ്യക്തമാക്കാമോ; | (എ) | ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മറ്റ് തൊഴിൽ മേഖലകളെ അപേക്ഷിച്ച് കൂലി കുറവ് ആയതിനാൽ ടി മേഖലയിലെ തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പാക്കുന്നതിനായി 2010-11 സാമ്പത്തിക വർഷം മുതൽ ഇൻകം സപ്പോർട്ട് സ്കീമിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നുണ്ട്. |
| (ബി) | പദ്ധതി നടപ്പിലാക്കിയ നാൾ മുതൽ നാളിതുവരെ എത്ര തുകയാണ് ഈ ഇനത്തിൽ നൽകിയത് എന്ന് വർഷാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ? | (ബി) | 2010-11 സാമ്പത്തിക വർഷം മുതൽ ഖാദി തൊഴിലാളികൾക്കു മിനിമം വേതന ഇനത്തിൽ താഴെപറയും പ്രകാരമുള്ള തുകകൾ അനുവദിച്ചിട്ടുണ്ട്. ആയത് അതാതു വർഷം തന്നെ ഖാദി സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള ക്ലെയിമുകൾക്ക് അനുസരിച്ച് മുൻ വർഷത്തെ കുടിശ്ശികകൾ തീർത്തുകൊണ്ട് തൊഴിലാളികൾക്കു വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |

| **വർഷം** | **തുക** |
|---|---|
| 2010-11 | 10കോടി |
| 2011-12 | 14.68കോടി |
| 2012-13 | 20കോടി |
| 2013-14 | 18കോടി |
| 2014-15 | 20കോടി |
| 2015-16 | 28കോടി |
| 2016-17 | 29.645കോടി |
| 2017-18 | 24.5കോടി |

| | |
|---|---|
| 2018-19 | 21.8കോടി |
| 2019-20 | 21കോടി |
| 2020-21 | 30കോടി |
| 2021-22 | 33കോടി |
| 2022-23 | 15കോടി (20.61 കോടി രൂപ റിസംപ്ഷൻ ഇന ത്തിൽ തിരിച്ചുപിടിച്ചു) |
| 2023-24 | 36.80കോടി |

സെക്ഷൻ ഓഫീസർ